2
ജൂലൈ 2023
ഞായർ
Pages- 5
Vol. 2 Issue 150


# ക്രിസ്ത്യൻലൈവ് ദിനപത്രം


On the Battlefield for the Great Commission
519




# വൈദികനെ മോചിപ്പിക്കണം;

## മനുഷ്യാവകാശ കോടതി

തടവറയിലെ അവസ്ഥയും അപകടസാധ്യതകളും കണക്കിലെടുത്താണ് കോടതി ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നത്. താല്ക്കാലിക നടപടി എന്നോണമാണ് കോടതിയുടെ ഈ ഇടപെടൽ.


പേജ് 3,4 കാണുക


# മണിപ്പൂരിൽ വീണ്ടും വെടിവയ്പ്പ്; മൂന്ന് മെയ്തികൾ കൊല്ലപ്പെട്ടു

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 2 ഞായർ



# സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും

**അ**തിന് ഞാൻ അവരോട് : സ്വർ?ഗ്?ഗത്തിലെ ദൈവം ഞങ്ങൾക്ക് കര്യം സാധിപ്പിക്കും; ആകയാൽ അവന്റെ ദാസ്ന്മാരായ ഞങ്ങൾ എഴുന്നേറ്റ് പണിയും; നിങ്ങൾക്കൊ യെരുശലേമിൽ ഒരു ഓഹരിയും അവകാശവും ജ്ഞാപകവുമില്ല എന്നുത്തരം പറഞ്ഞു. (നെഹ: 2.20).

അസാദ്ധ്യങ്ങളുടെ മുഖത്തു നോക്കി ഒരു വിശ്വാസ പ്രഖ്യാപനം അത് ഒരു വിജയത്തിന്റെ തുടക്കമാണ്. യെരുശലേമിന്റെ മതിലുകൾ ഇടിഞ്ഞു അതിന്റെ വാതിലുകൾ തീവെച്ചു ചുട്ടും കിടക്കുന്ന വാർത്തമാനം നെഹമ്യാവിന്റെ ചെവിയിൽ എത്തിയപ്പോൾ താൻ സ്വർഗ്ഗത്തിലെ ദൈവത്തിലേക്ക് കണ്ണുകൾ ഉയർത്തി. കഷ്ടത്തിലായിരിക്കുന്ന തന്റെ സഹോദരങ്ങളെക്കുറിച്ചുള്ള ബോധം തന്നെ ഉപവാസത്തിലേക്കും പ്രർത്ഥനയിലേക്കും നയിച്ചു. ദൈവ സന്നിധിയിൽ നിന്നും ബലവും കൃപയും ഏറ്റുവാങ്ങിയ ദൈവഭൃത്യൻ പണിക്കായി ഇറങ്ങിപ്പുറപ്പെട്ടു. തടസ്സങ്ങൾ ഒന്നിനു പിറകെ ഒന്നായി വന്നു കൂടിയെങ്കിലും വ്യക്തമായ ദർനത്തിന്റെ മുമ്പിൽ എല്ലാം തകർന്നു വീണു. എന്നാൽ മതിൽ പണിക്കായി ആദ്യത്തെ കല്ല് എടുത്തു വച്ചപ്പോൾ രണ്ടു പ്രബല ശക്തികൾ എഴുന്നേറ്റ് നിന്ന് പരിഹാസത്തിൽ തുടങ്ങിയുള്ള എല്ലാ തന്ത്രങ്ങളും മെനഞ്ഞെടുത്തു.

പക്ഷെ നെഹമ്യാവിന്റെ മറുപടി സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിച്ചു തരും. അവന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റ് പണിയും. നിങ്ങളിൽ ദൈവപ്രവർത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും, പരിഹാസ വാക്കുകളുടെ മുകളിൽ പറഞ്ഞ മഹിമയുടെ വിശ്വാസ പ്രഖ്യപനായിരുന്നു അത്. പരാജയ ഭീതിയെ തുടച്ചുമാറ്റിയ ശക്തിയുടെ പ്രബോധനങ്ങളായിരുന്നു അവ. ദുഖത്തിന്റെ കരിനിഴൽ പരന്ന സഹോദരങ്ങളുടെ ഹൃദയത്തിനുള്ളറകളിലേക്ക് പെയ്തിറങ്ങിയ കുളിൽ മഴയായിരുന്നു ആ വാക്കുകൾ. അവർ അത് ഏറ്റു പാടി, സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും അത് യേരുശലെമിലെങ്ങും മാറ്റൊലികൊണ്ടു. ഒരു കാഹളനാദമായി മുഴങ്ങി. ശത്രുവിന്റെ കോട്ടകൾ വിറച്ചു. തകർന്ന മതിലുകൾ പുനർസ്ഥപിക്കപ്പെട്ടു. പുതിയ വാതിലുകൾ ഉറപ്പിക്കപ്പെട്ടു. ആമേൻ. സ്നേഹിത, ഉറക്കെ പറയുക സ്വർഗ്ഗത്തിലെ ദൈവം എനിക്ക് കാര്യം സാധിപ്പിച്ചു തരും.



പാസ്റ്റർ ഷിബു തോമസ്, ഓക്ലഹോമ


## ഗ്രേസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്

തമിഴ്നാട്ടിലെ തൂത്തുക്കുടിയിലുള്ള ഗ്രേസ് എഞ്ചിനീയറിംഗ് കോളെജ് UESI - EGF ഷിപ്പിംഗ് കമ്പനിയുടെ ഉടമസ്ഥരായ സ്റ്റീഫനും ജോഷ്വയും കൂടെ അടുത്തിടെ വാങ്ങിക്കുകയുണ്ടായി. തുടർന്ന് കോളേജിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി. നല്ല ഒരു സ്റ്റാഫിനെയും നിയമിച്ചു.
പ്രാഥമിക പ്രവർത്തനം എന്ന നിലയിൽ അടുത്ത 4 വർഷത്തേക്ക് എല്ലാ വിദ്യാർത്ഥികൾക്കും ട്യൂഷൻ ഫീസും താമസവും സൗജന്യമാക്കിയിരിക്കുകയാണ്. പ്രത്യേകിച്ച് കൊവിഡ് പ്രശ്നങ്ങൾ നേരിടുന്നവരുടെ മക്കൾക്ക് മെസും സൗജന്യമാക്കിയിരിക്കുന്നു
ഈ വലിയ ലക്ഷ്യം നിറവേറ്റാനായി അവർ തങ്ങളുടെ ഷിപ്പിംഗ് ബിസിനസിൽ നിന്നുള്ള ലാഭമാണ് പങ്കിടുന്നത്. തികഞ്ഞ ആത്മീയ അന്തരീക്ഷത്തിൽ അർഹരായ വിദ്യാർത്ഥികൾക്ക് സമഗ്രമായ വിദ്യാഭ്യാസം നൽകുക എന്നതാണ് ഇവരുടെ ദർശനം.

Bachelor of Engineering നു വിദ്യാഭ്യാസ ചെലവ് നിറവേറ്റാൻ കഴിയാത്ത ഏതെങ്കിലും പാവപ്പെട്ട വിദ്യാർത്ഥികളെ നിങ്ങൾ കണ്ടാൽ, നിങ്ങൾക്ക് ഈ കോളേജിലേക്ക് അവരെ റഫർ ചെയ്യാം.സുവിശേഷ വേലയെ സ്നേഹിക്കുന്നവർക്കും മിഷനറിമാർക്കും പാസ്റ്റർമാർക്കും ഈ അവസരം നന്നായി ഉപയോഗിക്കാം.

**വിലാസം:**
**ഗ്രേസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്**
**തിരുച്ചെന്തൂർ റോഡ്, മുല്ലക്കാട്, തൂത്തുക്കുടി, തമിഴ്നാട്, ഇന്ത്യ 628 005.**
**ഫോൺ: +91 461 235 6953 +91 95 85 511 757 +91 95 85 511 757**

info@gracecoe.org



Editorial board


**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com


മെരിലാൻഡിൽ പള്ളികൾ നശിപ്പിച്ച പ്രതികളെ അറസ്റ്റ് ചെയ്തു

പേജ് 04



# അഞ്ചാംദിവസവും പാരിസിൽ കലാപം തുടരുന്നു



മാർസെ:കൗമാരക്കാരനെ വെടിവച്ച് കൊന്നതിൽ പ്രതിഷേധിച്ച് പാരിസിൽ പൊട്ടിപുറപ്പെട്ട കലാപം അഞ്ചാംദിവസവും ശക്തമായി തുടരുന്നു. മാർസെ മേഖലയിലാണ് ശനിയാഴ്ച രാത്രിയിൽ രൂക്ഷമായ ഏറ്റുമുട്ടലുകളുണ്ടായത്. പ്രതിഷേധക്കാർക്ക് നേരെ പോലീസ് കണ്ണീർവാതകം പ്രയോഗിച്ചു. ഞായറാഴ്ച പുലർച്ചെമാത്രം 500ലധികം അറസ്റ്റുണ്ടായതായി പോലീസ് അറിയിച്ചു. മേഖലയിലാകെ കനത്തസുരക്ഷ തുടരുകയാണ്. പോലീസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ട പതിനേഴുകാരൻ നഹേലിന്റെ സംസ്കാര ചടങ്ങുകൾ പൂർത്തിയായി. സംസ്കാര ചടങ്ങുകൾ നടക്കുമ്പോൾ ജനകീയ പ്രതിഷേധം ശക്തമാകാതിരിക്കാനായി പോലീസ് സുരക്ഷ ശക്തമാക്കിയിരുന്നു. 50,000ത്തിനടുത്ത് പോലീസുകാരെ പാരിസിലാകെ വിന്യസിച്ചിട്ടുണ്ട്.

പലമേഖലകളിലും അറസ്റ്റ് ഇപ്പോഴും തുടരുകയാണ്. കലാപകാരികളും പോലീസും തമ്മിലുള്ള ഏറ്റുമുട്ടലുകൾ മണിക്കൂറുകളോളമാണ് നീണ്ടുനിൽക്കുന്നത്. ഏറ്റുമുട്ടലിന്റെ ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിക്കുന്നത് കൂടുതൽപേരെ സ്വാധീനിക്കാൻ ഇടയാക്കുന്നുണ്ട്. പ്രക്ഷോഭകാരികൾ പോലീസ് വാഹനങ്ങളും വ്യാപാര സ്ഥാപനങ്ങളും തീയിട്ട് നശിപ്പിച്ച നിരവധി കേസുകൾ റിപ്പോർട്ട് ചെയ്തു. ബാങ്കുകൾ കൊള്ളയടിക്കപ്പെടുന്നുണ്ടെന്നും ന്യൂസ് ഏജൻസികൾ അറിയിക്കുന്നു.പാരിസിലാകെ വിവിധ മേഖലകളിൽ കർഫ്യൂ തുടരുകയാണ്. ബസ്, ട്രാം തുടങ്ങി പൊതുഗതാഗത സംവിധാനങ്ങളൊന്നും ഇതുവരെ പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല. കലാപം രൂക്ഷമാകുന്നത് സമൂഹമാധ്യമങ്ങൾ കാരണമാണെന്ന് കഴിഞ്ഞദിവസം ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ കുറ്റപ്പെടുത്തിയിരുന്നു. നാഹേലിന്റെ മരണം ചിലർ ഉപയോഗപ്പെടുത്തുകയാണെന്നും ഇമ്മാനുവൽ മാക്രോൺ ആരോപിച്ചു. വീഡിയോ ഗെയിമുകളുടെ സ്വാധീനമാണ് യുവാക്കളെ കലാപത്തിലേക്ക് നയിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തിയിരുന്നു.

# റൈറ്റേഴ്സ് ഫോറത്തിന് പുതിയ ഭാരവാഹികൾ



ലാങ്കാസ്റ്റർ: നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം (2023-2025) തെരഞ്ഞെടുപ്പ് നടന്നു. 38 മത് PCN A K കോൺഫറൻസി നോടനുബന്ധിച്ചു നടന്ന റൈറ്റേഴ്സ് ഫോറം ജനറൽ ബോഡിയിലാണ് തെരഞ്ഞെടുപ്പ് നടന്നത്. പ്രസിഡന്റായി രാജൻ ആര്യപ്പള്ളി വൈസ് പ്രസിഡന്റായി സാം മാത്യു (ഡാളസ്) ജനറൽ സെക്രട്ടറിയായി നിബു വെള്ളവന്താനം (ഫ്ലോറിഡാ) ജോ. സെക്രട്ടറിയായി എബിൻ അലക്സ് (കാനഡ), ട്രഷററായി ഡോ. ജോളി ജോസഫ് (ഹൂസ്റ്റൺ) ലേഡീസ് പ്രതിനിധി ഡോ. ഷൈനി റോജൻ (ന്യൂയോർക്) എന്നിവരെയും തെരഞ്ഞെടുത്തു. ക്രൈസ്തവ എഴുത്തുപുര ജനറൽ പ്രസിഡന്റും വർഷിപ്പ് ലീഡറുമാണ് ജോയിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട എബിൻ അലക്സ്.




**ബ്ലസിൻ ജോൺ മലയിൽ**

**നി**ങ്ങൾ എപ്പോഴെങ്കിലും കണ്ണീർ കൊണ്ട് തലയിണയെ നനച്ചിട്ടുണ്ടോ? മനസിലെ വേദനകൊണ്ട് പുളയുന്ന ഉറക്കമില്ലാത്ത ആ രാത്രികൾ ?വിങ്ങിപ്പൊട്ടി അസ്വസ്ഥമായിരിക്കില്ലേ അപ്പോൾ ഹൃദയം? എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചുവെന്ന് പലവട്ടം ദൈവത്തോട് ചോദിക്കില്ലേ ?അതേക്കുറിച്ച് ജീവിത പങ്കാളിയോടൊ മക്കളോടോ എന്ത് പറയണമെന്ന് അറിയാത്ത ഒരു അനിശ്ചിതത്വം ? എങ്ങനെ മുന്നോട്ട് പോകണമെന്നും അറിയില്ല. മുട്ടാവുന്ന വാതിലുകളൊക്കെ വിളിച്ചുനോക്കി. അറിയാവുന്നതൊക്കെ ചെയ്തും. പക്ഷേ ?ഒടുവിലിപ്പോഴും.. നിരാശ... അതേ, ഭീതിപ്പെടുത്തുന്ന നിരാശ മാത്രം. ഇരുൾ നിറഞ്ഞ ഈ രാത്രിയെ നോക്കി എന്താണ് നിങ്ങൾക്ക് പറയാനുള്ളത് ?എന്താണ് ചെയ്യാനുള്ളത് ?

മുക്കുവനായ പത്രോസിന്റെ ജീവിതവും അന്ന് നിരാശയാൽ നിറഞ്ഞതായിരുന്നു. അറിയാവുന്നതെല്ലാം അദ്ദേഹം ചെയ്തു നോക്കിയതാണ്. നന്നായി അദ്ധ്വാനിച്ചു. ശരിക്കും കഷ്ടപ്പെട്ടു.ആ രാത്രി മുഴുവൻ എന്തെങ്കിലും എപ്പോഴെങ്കിലും എങ്ങനെയെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ ആ രാത്രി നിരാശയുടെതായിരുന്നു; വേദനയുടെതായിരുന്നു; ഹൃദയം തകരുകയായിരുന്നു കാരണം രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. കുട്ടിക്കാലം മുതൽ പടകും വലയുമായി കടലിലേക്ക് ഇറങ്ങുന്ന ഒരു മുക്കുവനെ സംബന്ധിച്ചിടത്തോളം മീൻ എപ്പോഴാണ് എവിടെയാണ് ഉള്ളതെന്ന് വ്യക്തമായി അറിയാവുന്നതല്ലേ ? അതിനനുസരിച്ചല്ലേ അദ്ദേഹം അന്നും ജോലിക്കിറങ്ങിയത് ? പക്ഷേ എന്തുകൊണ്ട്... അതേ ഞാൻ ആവർത്തിക്കുകയാണ് എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു ? നിരാശ നിറഞ്ഞ മറ്റൊരു രാത്രിയെ അദ്ദേഹവും അഭിമുഖികരിക്കുകയായിരുന്നില്ലേ ?

അറുപത്തിയഞ്ചാം വയസിൽ ആത്മഹത്യയെ കുറിച്ച് ചിന്തിച്ച അമേരിക്കക്കാരനായ ഒരു വൃദ്ധനെക്കുറിച്ച് ഇനി ഞാൻ പറയട്ടെ. നിരാശ മൂടിയതായിരുന്നു അയാളുടെ ജീവിതം. കേവലം ആറു വയസുള്ളപ്പോൾ അയാൾക്ക് സ്വന്തം അച്ഛനെ നഷ്ടപ്പെട്ടു. പിന്നിട് പഠിക്കാനുള്ള പണം ഇല്ലാതെ വിഷമിച്ചപ്പോൾ അതും പാതിവഴിയിൽ ഉപേക്ഷിച്ചു. ജീവിക്കാനായി പല ജോലികളും നോക്കി. പതിനേഴ് വയസായപ്പോഴേക്കും നാലു ജോലികൾ അയാൾക്ക് നഷ്ടപ്പെട്ടു.പതിനെട്ടാമത്തെ വയസ്സിൽ ആ മനുഷ്യൻ വിവാഹിതനായി. തുടർന്ന് നാലു വർഷം റെയിൽവേയിൽ. ഒടുവിൽ അവിടെ നിന്നും പരാജിതനായി തലകുനിച്ച് പടിയിറങ്ങി.പട്ടാളത്തിൽ ചേർന്നെങ്കിലും പുറത്താക്കപ്പെട്ടു. (തുടരും)

# അധ്യാപക ശില്പശാലക്ക് ഇന്ന് നെല്ലിക്കുന്നത്ത് അനുഗ്രഹീത തുടക്കം





നെല്ലിക്കുന്നം: ഐപിസി സൺഡേ സ്കൂൾസ് അസോസിയേഷൻ കേരള സ്റ്റേറ്റ് പരീക്ഷ വിഭാഗം അധ്യാപക ശില്പശാലക്ക് ഇന്ന് ഐപിസി ഇമ്മാനുവേൽ നെല്ലിക്കുന്നത്ത് സഭയിൽ അനുഗ്രഹീത തുടക്കം. എറണാകുളം മുതൽ വടക്കോട്ടുള്ള മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 60 അധ്യാപകർ ആണ് ഇന്ന് പങ്കെടുത്തത്. പരീക്ഷ സംവിധാനങ്ങളിൽ ഈ വർഷം മുതൽ വരുത്തുന്ന പ്രധാന മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു ചോദ്യപേപ്പറുകൾ തയ്യാറാക്കുക, മൂല്യ നിർണയത്തിൽ ശ്രദ്ധിക്കേണ്ട പ്രധാന നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള ക്ലാസുകൾ Dr ദീപാ. M. നെബു, Br ജെയിംസ് ജോർജ് വേങ്ങൂരും നേതൃത്വം കൊടുത്തു. Pr രാജു ആനികാട് ഉൽഘാടനം ചെയ്യിതു ഡയറക്ടർ. Pr ജോസ് തോമസ് ജേക്കബ്, സ്റ്റേറ്റ് സെക്രട്ടറി Pr തോമസ് മാത്യു ചാരുവേലി, ട്രഷറർ Br ഫിന്നി. പി. മാത്യുവും ഡെപ്യൂട്ടി ഡയറക്ടർ സണ്ണി എബ്രഹാംപിറവം, അസോസിയേറ്റ് സെക്രട്ടറി Pr തോമസ് ജോർജ് കട്ടപ്പന Dr സാജൻ C ജേക്കബ്, Pr ജിജി മാമ്മൂട്ടിൽ സംബന്ധിച്ചു.മേഖല ഭാരവാഹികളായ Br ജോസ് മിസ്പ, Pr അനിൽ കുര്യൻ, Br. C. B. തീമോഥി യും പ്രാദേശിക ക്രമീകരങ്ങൾ ചെയ്യിതു. സ്ഥലം സഭാ Pr. C. I. പത്രോസ്, Pr. T. A. തോമസ് വടക്കഞ്ചേരി പ്രാർത്ഥിച്ചു

# നിത്യതയിൽ



പത്തനാപുരം : ചർച്ച് ഓഫ് ക്രൈസ്റ്റ് സഭയുടെ പ്രസിഡന്റും സഹസ്ഥാപകയും കേരളാ ക്രിസ്ത്യൻ തിയോളജിക്കൽ സെമിനാരിയുടെ മാനേജിംഗ് ഡയറക്ടറുമായ പത്തനാപുരം പൊയ്കയിൽ അമ്മുകുട്ടി അലക്സാണ്ടർ (87 ) നിര്യാതയായി. കുമ്പനാട് പുത്തൻ ബംഗ്ലാവിൽ കുടുംബാംഗമാണ്. പ്രശസ്ത സുവിശേഷകനും ചർച്ച് ഓഫ് ക്രൈസ്റ്റ് സഭാ സ്ഥാപകനും പ്രസിഡന്റുമായിരുന്ന പത്തനാപുരം പൊയ്കയിൽ ഡോ. പി.വി. അലക്സാണ്ടറാണ് ഭർത്താവ്.

സംസ്കാരം ജൂലൈ 3 ന് രാവിലെ 10 മുതൽ നടക്കുന്ന ശുശ്രൂഷകൾക്കു ശേഷം ഉച്ചക്ക് 1 ന് നടക്കും. മക്കൾ : റെനി അലക്സാണ്ടർ, റോയി അലക്സാണ്ടർ, ഡോ. റീന പരേതയായ അലക്സാണ്ടർ. മരുമക്കൾ : ഡോ. ബീനാ ജോസഫ്, ഡോ. ഷീല ചെറിയാൻ.






പത്തനാപുരം : പാലമൂട്ടിൽ വടക്കേതിൽ പരേതനായ ഏബ്രഹാമിന്റെ ഭാര്യ ശോശാമ്മ എബ്രഹാം (76)നിര്യാതയായി. സംസ്കാര ശുശ്രൂഷ നാളെ രാവിലെ 9:30ന് പത്തനാപുരം ഐപിസി ശാലേം ചർച്ചിൽ നടക്കും. മക്കൾ : റെജി എബ്രഹാം, മേഴ്സി റെജിമരുമക്കൾ: ഷിബി റെജി, റെജി ജോൺ(ദുബായ്).

## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

**വധുവിനെ ആവശ്യമുണ്ട്**

**Remarriage,Born Again Syrian Christian**
**Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

## നിക്കരാഗ്വയിൽ വൈദികനെ ഉടൻ ജയിൽ വിമോചിതനാക്കണം ; മനുഷ്യാവകാശ കോടതി

മാൻഗ്വേ: മദ്ധ്യ അമേരിക്കൻ നാടായ നിക്കരാഗ്വയിൽ രാജ്യദ്രോഹക്കുറ്റം ആരോപിച്ച് തടവിലാക്കിയിരിക്കുന്ന മത്തഗാൽപ രൂപതാ മെത്രാൻ റൊളാന്തൊ ഹൊസേ ആൽവരെസ് ലോഗോസിനെ ഉടൻ വിട്ടയക്കാൻ അമേരിക്കാന്തര മനുഷ്യാവകാശ കോടതി ആവശ്യപ്പെട്ടു.
തടവറയിലെ അവസ്ഥയും അപകടസാധ്യതകളും കണക്കിലെടുത്താണ് കോടതി ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നത്. താല്ക്കാലിക നടപടി എന്നോണമാണ് കോടതിയുടെ ഈ ഇടപെടൽ. ദാനിയേൽ ഒർത്തേഗയുടെ ഭരണകൂടത്തെ നിശിതമായി വിമർശിക്കുന്ന അദ്ദേഹത്തെ 2022 ആഗസ്റ്റ് 19ന് ഏതാനും വൈദികർക്കും സെമിനാരിക്കാർക്കുമൊപ്പം വീട്ടുതടങ്കലിലാക്കുകയും രാജ്യത്തിൻറെ അഖണ്ഡത തകർക്കുകയും വ്യാജവാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്തു എന്നാരോപിച്ച് പിന്നീട് ഡിസമ്പർ 13ന് അറസ്റ്റു ചെയ്യുകയുമായിരുന്നു. ഈ കുറ്റാരോപണങ്ങളുടെ വെളിച്ചത്തിൽ കോടതി വിസ്താരം കൂടാതെ അദ്ദേഹത്തിനു 26 വർഷം തടവുശിക്ഷ വിധിക്കുകയും ചെയ്തു. സർക്കാർ വിമതരോ സർക്കാരിനെ വിമർശിക്കുന്നവരോ ആണെന്ന ആരോപണത്തിന്മേൽ അമേരിക്കയിലേക്ക് ഉടൻ നാടുവിട്ടുപോകണമെന്ന ഉത്തരവ് ലഭിച്ച വൈദികരും വൈദികാർത്ഥികളും മറ്റുള്ളവരുമുൾപ്പടെ 222 പേർക്കൊപ്പം വിമാനത്തിൽ കയറാൻ വിസമ്മതിച്ചതിരുന്നു. അതിനെ തുടർന്നാണ് അറസ്റ്റും കോടതി വിധിയും ഉണ്ടായത്.

# മണിപ്പൂരിൽ വീണ്ടും വെടിവയ്പ്പ്; മൂന്ന് മെയ്തികൾ കൊല്ലപ്പെട്ടു

**വെടിവയ്പ്പിൽ നിന്ന് രക്ഷപ്പെട്ട മെയ്തികൾ നീതി തേടി മൃതദേഹങ്ങളുമായി ഇംഫാലിൽ മാർച്ചിന് ഒരുങ്ങുന്നതായും റിപ്പോർട്ടുകളുണ്ട്**

ഇംഫാൽ :മണിപ്പൂരിൽ മെയ്തി കുകി ഏറ്റുമുട്ടലുകൾ വീണ്ടും രൂക്ഷമാകുന്നു. പുലർച്ചെ കുംബിയിൽ ഖുജുമ താബി ഗ്രാമത്തിൽ വെടിവയ്പ്പുണ്ടായി. മൂന്ന് മെയ്തികൾ സംഭവസ്ഥലത്ത് തന്നെ കൊല്ലപ്പെട്ടതായി പോലീസ് അറിയിച്ചു. കുക്കികളാണ് ആക്രമണത്തിന് പിന്നിലെന്ന് മെയ്തികൾ ആരോപിച്ചു. ഏറ്റുമുട്ടലിൽ നിരവധിപേർക്ക് പരുക്കേറ്റതായും മരണസംഖ്യ ഉയരാൻ സാധ്യതയുണ്ടെന്നും പോലീസ് വ്യക്തമാക്കി.

ക്രമസമാധാനം പുനഃസ്ഥാപിക്കാനായി കൂടുതൽ സൈന്യത്തെ പ്രദേശത്ത് വിന്യസിച്ചതായി പോലീസ് അറിയിച്ചു. വെടിവയ്പ്പിൽ നിന്ന് രക്ഷപ്പെട്ട മെയ്തികൾ നീതി തേടി മൃതദേഹങ്ങളുമായി ഇംഫാലിൽ മാർച്ചിന് ഒരുങ്ങുന്നതായും റിപ്പോർട്ടുകളുണ്ട്. വംശീയ സംഘർഷം കണക്കിലെടുത്ത് ഗ്രാമത്തിന് കാവലിരുന്നവരാണ് മരിച്ച മൂന്ന് മെയ്തി സമുദായാംഗങ്ങളും. കാവൽ നിൽക്കുന്നവർ ഉപയോഗിച്ചിരുന്ന രണ്ട് തോക്കുകൾ തട്ടിയെടുത്താണ് അക്രമികൾ വെടിയുതിർത്തത്. ഇതോടെ ഗ്രാമത്തിലെ മെയ്തികളും ആക്രമണം അഴിച്ചുവിട്ടു. അടുത്തുള്ള കുകി ഗ്രാമത്തിന് മെയ്തികൾ തീയിട്ടു. ഗ്രാമവാസികൾ ഓടിപ്പോയതിനാൽ ആളപായമുണ്ടായില്ല. മണിപ്പൂരിൽ മെയ് മൂന്നിന് ആരംഭിച്ച ഏറ്റുമുട്ടലിൽ ഇതുവരെ 160പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു. സ്ഥിതിഗതികൾ ശാന്തമാവാതെ തുടരുന്നതിനാൽ കൂടുതൽ സുരക്ഷാസേനയെ വിന്യസിക്കും. നിലവിൽ മണിപ്പൂരിൽ 40,000ത്തോളം കേന്ദ്രസേനാംഗങ്ങളുണ്ട്. ഇംഫാലിന്റേയും ജില്ലാ ആസ്ഥാനങ്ങളുടേയും സുരക്ഷാചുമതല ഒരു സേനയ്ക്ക് മാത്രമായി നൽകിയേക്കും. നിലവിൽ സംഘർഷ പ്രദേശങ്ങളിൽ, എല്ലാ സേനകളിൽ നിന്നുള്ളവരേയും വിന്യസിച്ചിട്ടുണ്ട്.



## ആർച്ച് ബിഷപ്പ് വിക്ടർ മാനുവൽ വിശ്വാസ കാര്യാലയത്തിന്റെ പുതിയ അധ്യക്ഷൻ



വത്തിക്കാൻ സിറ്റി: വത്തിക്കാൻ ഡിക്കാസ്റ്ററിയുടെ അധ്യക്ഷനായി അർജന്റീനിയൻ ആർച്ച് ബിഷപ്പ് ഡോ. വിക്ടർ മാനുവൽ ഫെർണാണ്ടസിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. അറുപത്തിയൊന്നുകാരനായ പുതിയ പ്രീഫെക്ട് ഫ്രാൻസിസ് പാപ്പയുടെ സ്വകാര്യ ദൈവശാസ്ത്രജ്ഞനും എഴുത്തുകാരനുമാണ്. പുതിയ ഉത്തരവാദിത്വത്തിനൊപ്പം പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെയും ഇന്റർനാഷണൽ തിയോളജി കമ്മീഷന്റെയും പ്രസിഡന്റായും അദ്ദേഹം പ്രവർത്തിക്കും. 2017 മുതൽ വിശ്വാസ കാര്യാലയം അധ്യക്ഷനായിരുന്ന കർദ്ദിനാൾ ലൂയിസ് ലഡാരിയ ഫെറർ (79) വിരമിച്ചതിനെത്തുടർന്നാണു പുതിയ നിയമനം. 2018 മുതൽ അർജന്റീനയിലെ ലാപ്ലാറ്റ് അതിരൂപത ആർച്ച് ബിഷപ്പാണ്. പ്രമുഖ ദൈവശാസ്ത്രജ്ഞനായ ഡോ. ഫെർണാണ്ടസ് ദൈവശാസ്ത്രാധ്യാപകൻ, അർജന്റീനിയൻ ദൈവശാസ്ത്ര സമിതിയുടെ പ്രസിഡന്റ്, മെത്രാൻ സമിതിയുടെ വിശ്വാസസംസ്കാര കമ്മീഷൻ പ്രസിഡന്റ്, പൊന്തിഫിക്കൽ കാത്തലിക് യൂണിവേഴ്സിറ്റി ഓഫ് അർജന്റീനയുടെ റെക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## മലയിൽ കുടുംബയോഗം ജൂലൈ 8ന്

പുന്നക്കാട്: മലയിൽ കുടുംബയോഗം ജൂലൈ 8 രാവിലെ ഒമ്പതിന് പുന്നക്കാട് മലയിൽ കുടുംബയോഗ ഓഡിറ്റോറിയത്തിൽ നടക്കും.

കുടുംബയോഗം പ്രസിഡണ്ട് റവ. കെ എ തോമസ് അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സെക്രട്ടറി സ്റ്റീഫൻ ജോർജ് റിപ്പോർട്ട് അവതരിപ്പിക്കും. കുടുംബാംഗങ്ങളായ ബിഷപ്പ് റൈറ്റ് റവ.ഡോ. ഉമ്മൻ ജോർജ്, ബിഷപ്പ് റൈറ്റ് റവ.ഡോ. മലയിൽ സാബു കോശി എന്നിവർ മുഖ്യപ്രഭാഷണം നടത്തും.കുട്ടികളുടെ സംഗീതം തുടങ്ങിയ പരിപാടികളും കുടുംബയോഗത്തിൽ ഉണ്ടാകും.

## മെരിലാൻഡിൽ പള്ളികൾ നശിപ്പിച്ച പ്രതികളെ അറസ്റ്റ് ചെയ്തു






ബാൾട്ടിമോർ : ആൻ അരുണ്ടേൽ കൗണ്ടിയിലെ പള്ളികൾനശിപ്പിച്ച പ്രതികളെ അറസ്റ്റ് ചെയ്തു. പള്ളിയിൽ കയറി ആക്രമികൾ മോഷണം നടത്തുകയും കൂടതെ ആലയത്തിൽ വലിയതോതിലുള്ള നാശ നഷ്ട്ടങ്ങളുമാണ് നടത്തിയിരിക്കുന്നത്. അന്നാപോളിസിൽ നിന്നുള്ള 24 കാരനായ ജാറൻ അലക്സാണ്ടർ ഇരട്ട സഹോദരന്മാരായ ബ്ലേക്ക് ക്രെൻസർ, 19, ബ്രാൻഡൻ ക്രെൻസർ, 19 എന്നിവർക്കെതിരെ ആണ് അറസ്റ്റ് നടന്നിരിക്കുന്നത്. ജാറൻ അലക്സാണ്ടർ വേറെയും പള്ളികൾ നശിപ്പിക്കാനായുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട് . വ്യാഴാച്ചയാണ് പോലീസ് പ്രതികളെ അറസ്റ്റു ചെയ്തത് . പ്രതികൾക്കെതിരെ വിദ്വേഷ കുറ്റകൃത്യങ്ങൾ ചുമത്തിയിട്ടുണ്ട്, അവരിൽ ഒരാൾ ഒന്നിലധികം സംഭവങ്ങളിൽ പ്രതിയാണ്. ഫൗളർ യുണൈറ്റഡ് മെത്തഡിസ്റ്റ് ചർച്ച്, സെന്റ് ഫിലിപ്സ് എപ്പിസ്കോപ്പൽ ചർച്ച് എന്നീ പള്ളികൾക്കു നേരെയാണ് ആക്രമണം നടന്നത്.100,000 ഡോളറാണ് ആലയങ്ങൾക്ക് നാശനഷ്ടമായി കണക്കാക്കിയിരിക്കുന്നത് ഫൗളർ യുണൈറ്റഡ് മെത്തഡിസ്റ്റ് ചർച്ചിൽ ഉദ്യോഗസ്ഥർ അറിയിച്ചു .

## വൈപിസിഎ മെമ്പർഷിപ്പ് ക്യാമ്പയിൻ ആരംഭിച്ചു

കൊല്ലം :ന്യൂ ഇന്ത്യ ദൈവസഭയുടെ പുത്രിക സംഘടനയായ വൈപിസിഎ കൊല്ലം സെന്റർ അംഗത്വ ക്യാമ്പയിൻ ആരംഭിച്ചു. മെമ്പർഷിപ്പ് കാർഡ് പരവൂരിൽ വെച്ച് ആദ്യ കോപ്പി വൈപിസിഎയെ സ്റ്റേറ്റ് മീഡിയ ഡയറക്ടർ മോൻസി തോമസ് പ്രകാശനം ചെയ്തു. സെന്റർ സെക്രട്ടറി പാസ്റ്റർ സെബാസ്റ്റർ കെ എം പ്രാർത്ഥിക്കുകയും , സെന്റർ ശ്രുശ്രൂഷകൻ പാസ്റ്റർ ലിജോ ജോസഫ് തടിയൂർ, വൈ പി സി എ പ്രസിഡന്റ് ഷിജു രാജ്, ആക്ടിങ്ങ് പ്രസിഡന്റ് ആഷ്‌ലി ബെൻസ് , വൈസ് പ്രസിഡന്റ് സൈജു, സെക്രട്ടറി സുധിൻ ബാബു, ജോ : സെക്രട്ടറി ഷീന ബൈജു ,ട്രഷറാർ ഡെറിക് , കോഡിനേറ്റർ ഏയ്ഞ്ചൽ, ഫേബ ലിജോ ,മിഷൻ എബിൻ ബാബു, മീഡിയ എബി ബൈജു ,പബ്ലിസിറ്റി ആൽബി ബാബു, തുടങ്ങിയവർ നേതൃത്വം വഹിച്ചു.സുവിശേഷ പ്രവർത്തനം, വ്യക്തികളുടെ ഡേറ്റാ ശേഖരണം , രക്തദാനം , ചാരിറ്റി പ്രവർത്തനം തുടങ്ങിയവ ലക്ഷ്യം വെച്ചും , പ്രവർത്തന വിശാലതയ്ക്ക് വേണ്ടിയും നൂറു രൂപയാണ് അംഗത്വഫീസ്. ഇതിൽ നിന്ന് ലഭിക്കുന്ന 15 ശതമാനം സ്റ്റേറ്റ് കമ്മിറ്റിയിലേക്കുമാണ് ക്രമീകരിച്ചിരിക്കുന്നത്.







CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 150
2
Sunday
Pages 5
519

